**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1897** **04-02-2026 - ൽ മറുപടിയ്ക്ക്**

**വാമനപുരം മണ്ഡലത്തിലെ ഗതാഗത പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ഗതാഗത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി വിളിച്ചുചേർത്ത ജനകീയ സദസ്സുകളിൽ വാമനപുരം മണ്ഡലത്തിൽ നിന്നുയർന്ന പരാതികളിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (എ) | **സബ് ഓഫീസുകളിൽ നിന്നുൾപ്പെടെ ആറ്റിങ്ങൾ ഓഫീസിൽ നിന്നും റൂട്ട് എൻക്വയറി കഴിഞ്ഞ് ജിയോ മാപ്പിംഗ് പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ച 25 റൂട്ട് പ്രൊപ്പോസലുകളിൽ ലീഗൽ ഒബ്ജെക്ഷൻ ഇല്ലാത്ത 17 എണ്ണത്തിൽ നിന്നും 16 എണ്ണം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ആയതിൽ ഒരെണ്ണം ആണ് വാമനപുരം നിയോജക മണ്ഡലത്തിൽ നിന്നും ലഭ്യമായതിൽ (വെഞ്ഞാറമൂട്-ഇളമ്പ Via കോട്ടുകുന്നം,പൊയ്ക്കമുക്ക്, അയിലം, കളമച്ചൽ) അംഗീകരിക്കപ്പെട്ടിട്ടുള്ളത്. ടി റൂട്ടിലേക്ക് പെർമിറ്റ് അനുവദിക്കുന്നതിന് അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് ആർ. ടി. എ ബോർഡിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയും തുടർ നടപടികൾ സ്വീകരിക്കുന്നതുമായിരിക്കും.**<br><br>**കെ.എസ്.ആർ.ടി.സി**<br><br>**ഗതാഗത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി വിളിച്ചുചേർത്ത ജനകീയ സദസുകളിൽ വാമനപുരം മണ്ഡലത്തിൽ നിന്നുയർന്ന പരാതികളിന്മേൽ പനവൂർ പഞ്ചായത്തിൽ ഉൾപ്പെട്ട ചെല്ലഞ്ചിപ്പാലം വഴി മുതുവിള-കല്ലറയിലേയ്ക്ക് ഒരു സർവീസും, പെരിങ്ങമല പഞ്ചായത്തിൽ ഉൾപ്പെട്ട ആദിവാസി മേഖലയായ ഈയ്യക്കോട് എന്ന സ്ഥല ത്തേയ്ക്ക് ഒരു സർവീസും പാലോട് യൂണിറ്റിൽ നിന്നും ആരംഭിച്ചിട്ടുണ്ട്** |

സെക്ഷൻ ഓഫീസർ